ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 01.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യാ സംരംഭത്തിന് ഇന്ന് പത്ത് വയസ്സ്. ഡിജിറ്റൽ പണമിടപാടുകളിൽ രാജ്യം ഗണ്യമായ പുരോഗതി കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

**India is celebrating 10 years of the Digital India programme. The Prime Minister said India has made great strides in digital payments, powered by the collective resolve of 140 crore Indians.**

2) രാജ്യത്ത് പുതുക്കിയ റെയിൽവേ യാത്രാ നിരക്കുകൾ ഇന്ന് മുതൽ പ്രാബല്യത്തിൽ.

**Railways rationalises basic fare for passenger train services from today.**

3) മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നാല് ജില്ലകളിലെ മേഖലാ അവലോകന യോഗം കണ്ണൂരിൽ പുരോഗമിക്കുന്നു

**Zonal review meetings of Kerala government led by Chief Minister Pinarayi Vijayan progressing in Kannur.**

4) മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദന്റെ ആരോഗ്യനില അതീവ ഗുരുതരമെന്ന് മെഡിക്കൽ ബുള്ളറ്റിൻ.

**Health condition of former Kerala CM V.S Achuthanandan continues to be critical.**

5) രാജ്യത്ത് ജി എസ് ടി സംവിധാനം നിലവിൽ വന്നിട്ട് ഇന്ന് എട്ട് വർഷം പൂർത്തിയായി.

**The Goods and Services Tax (GST), which has replaced a maze of indirect taxes with a single, unified system, has completed eight years today.**

6) ഹിമാചൽ പ്രദേശിൽ കനത്തമഴയിലും, മണ്ണിടിച്ചിലിലും പരക്കെ നാശനാഷ്ടം.

**Normal life has been severely affected in Himachal Pradesh due to the active phase of the southwest monsoon.**

**&&&&&&&&&&&&&&&**

# HEADLINE 1

**PM – DIGITAL INDIA**

കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യാ സംരംഭത്തിന് ഇന്ന് പത്ത് വയസ്സ്. ഇക്കാലയളവിൽ ഡിജിറ്റൽ പണമിടപാടുകളിൽ രാജ്യം ഗണ്യമായ പുരോഗതി കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പ്രതിവർഷം ഒരു ലക്ഷം കോടി പണമിടപാടുകളാണ് യുപിഐയിലൂടെ നടക്കുന്നതെന്നും അദ്ദേഹം ബ്ലോഗിൽ കുറിച്ചു. ഡിജിറ്റൽ രംഗത്തെ രാജ്യത്തിന്റെ മുന്നേറ്റം ലക്ഷ്യമിട്ടാണ് ഡിജിറ്റൽ ഇന്ത്യ സംരംഭത്തിന് കേന്ദ്ര സർക്കാർ തുടക്കം കുറിച്ചത് . ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പ്രധാന മേഖലകളിൽ ഡിജിറ്റൽ പുരോഗതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ശ്രീ മോദി

വ്യക്തമാക്കി. രാജ്യത്തെ നഗരകേന്ദ്രങ്ങളിലും, സിയാച്ചിൻ, ലഡാക്ക്, ഗൽവാൻ ഉൾപ്പെടെയുള്ള സൈനിക പോസ്റ്റുകളിലും അതിവേഗ ഇൻറർനെറ്റ് എത്തിക്കാൻ സാധിച്ചു. 5ജി സാങ്കേതികവിദ്യ അതിവേഗം നടപ്പാക്കിയ രാജ്യമാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു. സാങ്കേതിക വിദ്യയുടെ ജനാധിപത്യവത്കരണത്തിന് ഡിജിറ്റൽ ഇന്ത്യ സംരംഭം മാർഗ്ഗമൊരുക്കിയതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&

**PRESIDENT GORAKHPUR VISIT**

മഹായോഗി ഗുരു ഗൊരഖ്നാഥ് ആയുഷ് സർവകലാശാലയുടെ ഉദ്ഘാടനം രാഷ്ട്രപതി ദ്രൗപദി മുർമു ഉത്തർപ്രദേശിൽ നിർവഹിച്ചു. 52 ഏക്കറിൽ 267 കോടി രൂപ ചിലവിലാണ് സർവകലാശാലയുടെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. അക്കാദമിക് ബ്ലോക്ക്, ഓഡിറ്റോറിയം, പഞ്ചകർമ്മ കേന്ദ്രം, പെൺകുട്ടികളുടെ ഹോസ്റ്റൽ എന്നിവയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. യുപി ഗവർണർ ആനന്ദി ബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&

**RAILWAY FARE**

റെയിൽവേയുടെ പുതുക്കിയ യാത്രാ നിരക്കുകൾ ഇന്ന് മുതൽ പ്രാബല്യത്തിൽ . നോൺ എസി മെയിൽ, എക്സ്പ്രസ് ട്രെയിനുകൾക്ക് കിലോമീറ്ററിന് ഒരു പൈസയും, എസി ക്ലാസ്സുകളിൽ കിലോമീറ്ററിന് രണ്ട് പൈസയുമാണ് വർദ്ധന. സീസൺ ടിക്കറ്റുകൾക്കും, സബർബൻ സിംഗിൾ യാത്രയ്ക്കും നിരക്ക് വർദ്ധന ഉണ്ടാവില്ല. റിസർവേഷൻ ഫീസ്, സൂപ്പർഫാസ്റ്റ് സർചാർജ് എന്നിവയും മാറ്റമില്ലാതെ തുടരും. ഓർഡിനറി ക്ലാസ്സുകളിൽ 500 കിലോമീറ്റർ ദൂരം വരെ നിരക്ക് വർധന ഉണ്ടാകില്ല. 500 കിലോമീറ്ററിന് ശേഷം കിലോമീറ്ററിന് അര പൈസയാണ് വർധിക്കുന്നത്. 501 കിലോമീറ്റർ മുതൽ 1500 കിലോമീറ്റർ വരെ ടിക്കറ്റിന് 5 രൂപയും, 1501 കിലോമീറ്റർ മുതൽ 2500 കിലോമീറ്റർ വരെ 10 രൂപയും, 2501 മുതൽ 3000 കിലോമീറ്റർ വരെ 15

രൂപയും അധികം നൽകണം. രാജധാനി, ശതാബ്ദി,വന്ദേ ഭാരത് ഉൾപ്പടെ എല്ലാ ട്രെയിനുകൾക്കും നിരക്ക് വർദ്ധന ബാധകമാണ്.

**&&&&&&&&&&&&&&&**

**REVIEW MEETING**

സംസ്ഥാന മന്ത്രിസഭാ വാർഷികത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നടക്കുന്ന നാല് ജില്ലകളുടെ മേഖലാതല അവലോകനയോഗം കണ്ണൂരിൽ ആരംഭിച്ചു. കണ്ണൂർ, കാസർകോട്, കോഴിക്കോട്, വയനാട് ജില്ലകളുമായി ബന്ധപ്പെട്ട യോഗമാണ് കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജിൽ നടക്കുന്നത്. മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, കെ കൃഷ്ണൻ കുട്ടി, പി എ മുഹമ്മദ് റിയാസ്, എം ബി രാജേഷ്, ഒ ആർ കേളു, ചീഫ് സെക്രട്ടറി എ. ജയതിലക് തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

**&&&&&&&&&&&&&&&**

**VS**

മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദന്റെ ആരോഗ്യനില ഗുരുതരമായി തുടരുന്നെന്ന് മെഡിക്കൽ ബുള്ളറ്റിൻ. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന അദ്ദേഹത്തെ സർക്കാരിന്റെ പ്രത്യേക നിർദ്ദേശമനുസരിച്ച് മെഡിക്കൽ കോളേജിൽ നിന്നുള്ള ഏഴംഗ പ്രത്യേക മെഡിക്കൽ സംഘം സന്ദർശിച്ചതായും നിലവിൽ നല്കിവരുന്ന ചികിത്സ തുടരാൻ നിർദ്ദേശിച്ചതായും മെഡിക്കൽ ബുള്ളറ്റിനിൽ പറയുന്നു.

**&&&&&&&&&&&&&&&**

**Nirmala Sitaraman (Intro)**

***ശക്തമായ ആഭ്യന്തര സാമ്പത്തിക വിപണികളാണ് നിക്ഷേപങ്ങളുടെ അടിത്തറയെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. മൂലധനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും, സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ നിക്ഷേപം പ്രധാന പങ്ക്***

*വഹിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. സമഗ്രവും സുസ്ഥിരവുമായ സാമ്പത്തിക വളർച്ചയ്ക്ക് ഇത് അത്യന്താപേക്ഷിതമാണെന്നും സ്പെയിനിൽ ഐക്യരാഷ്ട്രസഭ സംഘടിപ്പിച്ച നാലാമത് അന്താരാഷ്ട്ര വികസന ധനസഹായ സമ്മേളനത്തിൽ ശ്രീമതി സീതാരാമൻ വ്യക്തമാക്കി.*

*(ഹോൾഡ്)*

**&&&&&&&&&&&&&&&**

ബ്രേക്ക്

(ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......)

**&&&&&&&&&&&&&&&**

**GST – EIGHT YEARS**

രാജ്യത്ത് ജി എസ് ടി സംവിധാനം നിലവിൽ വന്നിട്ട് ഇന്ന് എട്ട് വർഷം പൂർത്തിയാകുന്നു. നികുതി സമ്പ്രദായത്തിൽ സുതാര്യത, സ്ഥിരത, കാര്യക്ഷമത എന്നിവ ഉറപ്പാക്കാൻ ലക്ഷ്യമിട്ട് 2017 ജൂലായ് ഒന്നിനാണ് ജിഎസ്ടി നിലവിൽ വന്നത്. ജിഎസ്ടി നടപ്പിലാക്കിയതിലൂടെ നികുതി പ്രക്രിയ എളുപ്പമാകുകയും, വ്യാപാരികൾക്കുള്ള ചെലവുകൾ കുറയുകയും, സംസ്ഥാനങ്ങൾക്കിടയിലുള്ള ചരക്ക് ഗതാഗതം സുഗമമാവുകയും ചെയ്തു. ഇതിന്റെ ഫലമായി രാജ്യത്തെ വ്യാപാര സൗകര്യം മെച്ചപ്പെട്ടതിനൊപ്പം നികുതി അടിത്തറയും ശക്തമായി. ജി എസ് ടിയിലൂടെ നിരവധി പ്രത്യക്ഷ നികുതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനും സാധിച്ചു.

**&&&&&&&&&&&&&&&**

**Jaisankar (Intro)**

*ഭീകരത ലോക സമാധാന ത്തിന് വെല്ലുവിളിയാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ചില രാജ്യങ്ങളുടെ പിന്തുണയോടെയുള്ള ഭീകരവാദത്തെ തുറന്നു കാട്ടേണ്ടതുണ്ടെന്നും, അദ്ദേഹം ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് നടന്ന ഭീകരവാദത്തിന് എതിരായ പ്രദർശന പരിപാടിയിൽ വ്യക്തമാക്കി.*

*(ഹോൾഡ്)*

**&&&&&&&&&&&&&&&**

**Himachal Pradesh Rain**

ഹിമാചൽ പ്രദേശിൽ കനത്തമഴയിൽ പരക്കെ നാശനാഷ്ടം. മേഘവിസ്ഫോടനവും, മണ്ണിടിച്ചിലും, വെള്ളക്കെട്ടും ജനജീവിതത്തെ ദുരിതത്തിലാക്കിയിരിക്കുകയാണ്. നദികൾ കരകവിഞ്ഞൊഴുകുന്നുണ്ട്. മണ്ണിടിച്ചിലിനെ തുടർന്ന് ഹിമാചലിലെ 400-ഓളം റോഡുകളിൽ ഗതാഗതം നിർത്തിവച്ചു. ധരംശാല, സിംല മേഖലയിൽ മണ്ണിടിച്ചൽ സാധ്യത കണക്കിലെടുത്ത് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മാസം ആറ് വരെ സംസ്ഥാനത്ത് കനത്ത മഴ തുടരുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്.

**&&&&&&&&&&&&&&&**

**CELL BROADCAST ALERT**

ജനങ്ങൾക്ക് അടിയന്തര മുന്നറിയിപ്പുകൾ കൈമാറുന്നതിനായി, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് മൊബൈൽ അലർട്ട് സംവിധാനം തയ്യാറാക്കി കേന്ദ്ര ടെലികമ്യൂണിക്കേഷൻസ് വകുപ്പ്. സെൽ ബ്രോഡ്കാസ്റ്റ് സിസ്റ്റം എന്ന പേരിലുള്ള സംവിധാനത്തിലൂടെ സുനാമി, ഭൂകമ്പം, ഇടിമിന്നൽ, വാതക ചോർച്ച തുടങ്ങിയവ സംബന്ധിച്ച് തത്സമയ മുന്നറിയിപ്പുകൾ കൈമാറും. എസ്എംഎസ് വഴിയുള്ള മുന്നറിയിപ്പിൽ നിന്നും വ്യത്യസ്തമായി, ഒരു മേഖല കേന്ദ്രീകരിച്ചുള്ള എല്ലാ മൊബൈൽ ഫോണുകൾക്കും ഒരേ സമയം സന്ദേശം കൈമാറുന്ന രീതിയാണിത്. രാജ്യവ്യാപകമായി സംവിധാനം നാലാഴ്ചയോളം പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിനാൽ മൊബൈൽ ഫോണുകളിലേക്ക് സന്ദേശമെത്താൻ സാധ്യതയുണ്ട്.

**&&&&&&&&&&&&&&&**

**TELANGANA DEATH TOLL**

തെലങ്കാനയിലെ സംഗറെഡ്ഡി ജില്ലയിൽ മരുന്ന് നിർമ്മാണ കേന്ദ്രത്തിലുണ്ടായ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 39 ആയി.

ഇതുവരെ 10 മൃതദേഹങ്ങളാണ് തിരിച്ചറിഞ്ഞത്. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. 40 ഓളം തൊഴിലാളികൾ കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങി കിടക്കുന്നതായി സംശയിക്കുന്നു. പൊള്ളലേറ്റ 35 പേരിൽ, 12 പേരുടെ നില ഗുരുതരമാണ്. സംഭവത്തിൽ തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി അന്വേഷണത്തിന് ഉത്തരവിട്ടു.

&&&&&&&&&&&&&&&

## WAVEX

എഐ അധിഷ്ഠിത ബഹുഭാഷാ വിവർത്തനം ലക്ഷ്യമിട്ട് വേവക്സ് സ്റ്റാർട്ടപ്പ് ചലഞ്ച് 2025 ന് തുടക്കം കുറിച്ച് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം. രാജ്യമെമ്പാടുമുള്ള സ്റ്റാർട്ടപ്പുകൾക്ക് ദേശീയ ഹാക്കത്തോണിൽ ഭാഗമാകാൻ അവസരമുണ്ട്.12 ഇന്ത്യൻ ഭാഷകളിൽ തത്സമയ വിവർത്തനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഭാഷാസേതു-റിയൽടൈം ലാംഗ്വേജ് ടെക്ക് ഫോർ ഭാരത് എന്നാണ് ചലഞ്ചിന്റെ പേര്.

&&&&&&&&&&&&&&&

## DELHI – VEHICLE POLICY

ഡൽഹിയിൽ 15 വർഷത്തിന് മുകളിലുള്ള പെട്രോൾ വാഹനങ്ങൾക്കും 10 വർഷത്തിന് മേലുള്ള ഡീസൽ വാഹനങ്ങൾക്കും ഇന്ന് മുതൽ ഇന്ധനം ലഭ്യമാകില്ലെന്ന് ഡൽഹി സർക്കാർ. കാലഹരണപ്പെട്ട വാഹനങ്ങളുടെ ഉപയോഗം അവസാനിപ്പിക്കാനും വായു ഗുണനിലവാരം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടുള്ള ഡൽഹി സർക്കാർ നയത്തിൻറെ ഭാഗമായാണ് തീരുമാനം.

&&&&&&&&&&&&&&&

## US-INDIA TRADE DEAL

ഇന്തോ-പസഫിക് മേഖലയിൽ ഇന്ത്യയ്ക്ക് തന്ത്രപരമായ പ്രാധാന്യമുണ്ടെന്ന് അമേരിക്ക. ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര കരാർ ഉടൻ യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലിവിറ്റ് പറഞ്ഞു. യുഎസ്

പ്രസിഡന്റുമായുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സൗഹൃദത്തെയും അദ്ദേഹം പ്രത്യേകം പരാമർശിച്ചു.

**&&&&&&&&&&&&&&&**

## EGYPT-IRAN IAEA

ഇറാനിയൻ ആണവ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഈജിപ്ഷ്യൻ വിദേശകാര്യമന്ത്രി ബദർ അബ്ദെലാട്ടി, ഇറാൻ വിദേശകാര്യമന്ത്രി സെയിദ് അബ്ബാസ് അറാഘ്ചിയുമായും IAEA മേധാവി റഫേൽ ഗ്രോസിയുമായി ടെലഫോൺ സംഭാഷണം നടത്തി. ഇറാനിയൻ ആണവ പ്രശ്നത്തെക്കുറിച്ച് ചർച്ചകൾ ഉടൻ പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത ഈജിപ്ഷ്യൻ വിദേശകാര്യമന്ത്രി വ്യക്തമാക്കി. കഴിഞ്ഞ ആഴ്ച ഹേഗിൽ ചേർന്ന ജി-7 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ ഇറാനുമായുള്ള ആണവ ചർച്ചകൾ പുനരാരംഭിക്കണമെന്ന് ആവശ്യം ഉയർന്നിരുന്നു.

**&&&&&&&&&&&&&&&**
**&&&&&&&&&**
**&&&**